**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *78** | **05.02.2020- ൽ മറുപടിക്ക്**

# തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ. ദാസൻ
,, സി.കൃഷ്ണൻ
,, സി.കെ. ഹരീന്ദ്രൻ
,, എം. നൗഷാദ് :

(എ) വേജ് കോഡ് ഉൾപ്പെടെയുള്ള വിവിധ നിയമങ്ങളിലൂടെ കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ സാഹചര്യം സൃഷ്ടിച്ചുകൊണ്ടും വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടും യഥാസമയം പുതുക്കി നിശ്ചയിക്കുകയും അവ പ്രാവർത്തികമാകുന്നെന്ന് ഉറപ്പ വരുത്തുകയും ചെയ്തുകൊണ്ടും തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിന് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 37 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 5 തൊഴിൽ മേഖലകളിൽ പുതിയതായി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. 11 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായും 1 മേഖലയിൽ പുതുതായി മിനിമം വേതനം നിശ്ചയിക്കുന്നതിനായും പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരും സംസ്ഥാന തലത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ഉം ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ നിരീക്ഷിച്ചു നടപ്പിലാക്കി വരുന്നു. മിനിമം വേതനം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ

തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസറുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും നടത്തിവരുന്നു.

(ബി) മുത്തൂറ്റ് ഫിനാൻസ് നിക്ഷേപകരെന്ന ലേബലിൽ തൊഴിലാളികളെയും മറ്റു ഭരണ സംവിധാനങ്ങളെയും പരസ്യമായി വെല്ലുവിളിക്കുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിന് നടത്തുന്ന ശ്രമം അറിയിക്കാമോ;

(ബി) മുത്തൂറ്റ് ഫിനാൻസിലെ തൊഴിൽ സമരം ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി ഹൈക്കോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ 10/10/2019 ന് ഉണ്ടാക്കിയ ത്രികക്ഷികരാർ ലംഘിച്ചുകൊണ്ട് ജീവനക്കാരെ പിരിച്ചുവിടാനും, ബ്രാഞ്ചുകൾ അടച്ചുപൂട്ടാനും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടായി. ഇതിനെതിരെ 26/10/19-ന് നോൺ ബാങ്കിംഗ് & പ്രൈവറ്റ് ഫിനാൻസ്-അസോസിയേഷൻ (സി.ഐ.റ്റി.യു) നൽകിയ പരാതിയിൽ പ്രശ്നപരിഹാരത്തിന് ലേബർ കമ്മീഷണർ തലത്തിൽ മീറ്റിംഗ് ക്രമീകരിച്ചു. പ്രസ്തുത മീറ്റിംഗിൽ യൂണിയൻ പ്രതിനിധികൾ ഹാജരായെങ്കിലും, മാനേജ്മെന്റ് ഹാജരാകാതെ അവധി അപേക്ഷ നൽകുകയുണ്ടായി. തുടർന്ന് 11/12/2019, 19/12/2019, 21/12/2019 എന്നീ തീയതികളിൽ ചർച്ചകൾ ക്രമീകരിച്ചുവെങ്കിലും ബ്രാഞ്ചുകൾ പൂട്ടുന്ന കാര്യത്തിലും, തൊഴിലാളികളെ പിരിച്ചു വിടുന്ന കാര്യത്തിലും എടുത്ത തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ലെന്ന് മാനേജ്മെന്റ് പ്രതിനിധി അറിയിച്ചതിനാൽ പ്രശ്നം ഒത്തുതീർപ്പാക്കാൻ കഴിഞ്ഞില്ല. മുത്തൂറ്റ് ഫിനാൻസിന്റെ കേരളത്തിലെ 43 ശാഖകൾ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 25-ഒ(1) ലെ വ്യവസ്ഥകൾ പാലിക്കാതെ അടച്ചുപൂട്ടിയത് ടി നിയമത്തിലെ വകുപ്പ് 25 ആർ(1) പ്രകാരം ശിക്ഷാർഹമാണെന്ന് കാണിച്ച് 30/12/2019-ന് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് മാനേജിംഗ് ഡയറക്ടർക്ക് നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് 31/12/2019 ന് ബഹു:തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലും ടി വിഷയം പുന:പരിശോധിക്കാൻ തയ്യാറല്ലെന്ന് മാനേജ്മെന്റ് അറിയിച്ചതിനാൽ പ്രശ്നം ഒത്തുതീർപ്പാക്കാൻ കഴിഞ്ഞില്ല.

മുത്തൂറ്റ് ഫിനാൻസ് സ്ഥാപനങ്ങളിൽ സമരം തുടരുന്ന സാഹചര്യത്തിൽ പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് മുത്തൂറ്റ് മാനേജ്മെന്റ് ഫയൽ ചെയ്ത WP(S) 602/2020 നമ്പർ കേസിൽ ബഹു: ഹൈക്കോടതിയുടെ 10/01/2020-ലെ ഉത്തരവ് പ്രകാരം ഒരു അനുരഞ്ജന യോഗം എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 14/01/2020-ന് ക്രമീകരിച്ചുവെങ്കിലും പ്രസ്തുത യോഗത്തിലും മാനേജ്മെന്റ്-തൊഴിലാളി പ്രതിനിധികൾ നിലപാടുകളിൽ ഉറച്ചു നിന്നതിനാൽ പ്രശ്നത്തിന് പരിഹാരമുണ്ടായില്ല. തുടർന്ന് 20/01/2020-ൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ക്രമീകരിച്ച യോഗത്തിൽ തൊഴിലാളി യൂണിയന്റെ ആവശ്യം ബോർഡ് മീറ്റിംഗിൽ അവതരിപ്പിക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചതിനെ തുടർന്ന് 30/01/2020-ന് അടുത്ത മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത മീറ്റിംഗിൽ പിരിച്ചുവിട്ട ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ), അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർ ബഹു: ഹൈക്കോടതി നിയോഗിച്ച നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ ശിപാർശ ചെയ്തു. ടി ശിപാർശ ടോപ്പ് മാനേജ്മെന്റിന്റെ പരിഗണനയ്ക്ക് ലഭ്യമാക്കാമെന്നും തൊഴിലുടമ പ്രതിനിധി അറിയിച്ചു. ടി നിർദ്ദേശം യൂണിയൻ അംഗീകരിക്കുകയും, 07/02/2020-ന് ബഹു:ഹൈക്കോടതി ഈ വിഷയം സംബന്ധിച്ച കേസ് പരിഗണിക്കുന്നതിനാൽ മാനേജ്മെന്റിന്റെ തീരുമാനം അറിയുന്നതിനായി 06/02/2020-ന് അടുത്ത യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും ഐ.ടി മേഖലയിലുൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളും തൊഴിലാളികളുടെ മൗലികാവകാശമായ സംഘടനാ സ്വാതന്ത്ര്യം അനുവദിക്കാത്ത സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളെപ്പോലെ ഇവയ്ക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

(സി) തൊഴിലാളികൾക്ക് നൽകുന്ന സേവന വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കുന്നതിനായി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, കേരള ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ മേഖലകളിലെ സ്ഥാപനങ്ങൾക്ക് 2017 മുതൽ തൊഴിൽ വകുപ്പ് ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017, 2018 വർഷങ്ങളിലെ

ഗ്രേഡിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 വർഷത്തിൽ ഐ.ടി മേഖല ഉൾപ്പെട്ടിരുന്നുവെങ്കിലും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് 2018 വർഷത്തിൽ ഐ.റ്റി. സ്ഥാപങ്ങളോടൊപ്പം കടകളും, വാണിജ്യ സ്ഥാപനങ്ങളും എന്ന നിർവ്വചനത്തിനു കീഴിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയാണ് ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ